**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **04-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 2013ലെ ദേശീയ ഭക്ഷ്യഭദ്രതാനിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ തന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോവുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർദ്ധനർക്ക് ഒരുനേരത്തെ ആഹാരം സൗജന്യനിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തുകൂടി ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ അനാശാസ്യപ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ ഉണ്ടാവണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണവകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ |

| | | | |
|---|---|---|---|
| | | | മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തി. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഇവ നിർമ്മിക്കുക. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ നൽകി വരുന്ന റേഷൻ സാധനങ്ങൾക്ക് പുറമേ ചില പലവ്യഞ്ജനസാധനങ്ങളും റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും സർക്കാർ ആലോചിക്കുന്നു. |
| (ബി) | അർഹരായവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | 2013 ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇപ്രകാരമുള്ള മുൻഗണനാ വിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ ആകെ സംഖ്യ നമ്മുടെ സംസ്ഥാനത്ത് 1,54,80,040(ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത്) ആയി കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്തി ഒഴിവാക്കുകയും, അങ്ങനെ വരുന്ന ഒഴിവുകളിലേക്ക് അർഹരായ കുടുംബങ്ങളുടെ കാർഡുകൾ തരം മാറ്റി നൽകുകയും ചെയ്യുന്നത് ഒരു തുടർപ്രവർത്തനമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വെച്ചിരിക്കുന്നവർക്ക് ശിക്ഷകൂടാതെ അവ തിരിച്ചേൽപ്പിക്കാൻ അവസരം നൽകി. ഇങ്ങനെ 11587 എ.എ.വൈ കാർഡുകളും 74624 പി.എച്ച്.എച്ച് കാർഡുകളും 55974 നോൺ പ്രയോറിറ്റി (സബ്സിഡി) കാർഡുകളും തിരിച്ചേല്പിക്കപ്പെട്ടു. ഇതുകൂടാതെ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ലഭ്യമായി. 2021 ജൂലായ് 31 വരെ ഈ രണ്ടുതരത്തിലും മുൻഗണനാവിഭാഗത്തിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിലേക്ക് 12,596 എ.എ.വൈ കാർഡുകളും 1,19,866 പി.എച്ച്.എച്ച് കാർഡുകളും തരംമാറ്റി നൽകുകയുണ്ടായി. 2021 ആഗസ്റ്റ് 1 മുതൽ |

| | | | |
|---|---|---|---|
| | | | മുൻഗണനാവിഭാഗത്തിലേക്ക് മാറ്റുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ